**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3687** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് ഓൾഡ് ഏജ് ഹോം ആന്റ് ഫുൾടൈം ഡിമൻഷ്യ കെയർ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പ് 07.03.2022-ന് 40,99,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നതും ടി.ഡി.എൽ.സി.സി.എസ്. നിർവ്വഹണ ചുമതല വഹിക്കുകയും ചെയ്യുന്ന വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ഗവൺമെന്റ് ഓൾഡ് ഏജ് ഹോം ആന്റ് ഫുൾടൈം ഡിമൻഷ്യ കെയർ സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന എടവനക്കാട് ഗവ.ഫുൾടൈം ഡിമെൻഷ്യാ കെയർ സെന്റർ എന്ന സ്ഥാപനത്തിന്റെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് 07.03.2022 തീയതിയിലെ സ.ഉ.(സാധാ)നം.56/2022/സാനിവ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ നിർവ്വഹിയ്ക്കുന്നതിലേയ്ക്കായി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ TDLCCS-ഉം ആയി ധാരണാപത്രം ഒപ്പ് വെയ്ക്കുകയും പ്രസ്തുത ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം ആകെ എസ്റ്റിമേറ്റ് തുകയായ 40,99,000/- രൂപയുടെ 20% തുകയായ 8,19,800/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നിർവ്വഹണ ഏജൻസിയായ TDLCCS ന് അനുവദിച്ചു നൽകുകയും ചെയ്തിരുന്നു. ആദ്യ ഗഡുവായി അനുവദിച്ച തുകയുടെ 60% വർക്കുകളും പൂർത്തികരിച്ചിരുന്നു. എന്നാൽ, TDLCCS-യിൽ ചില ഭരണപരമായ പ്രശ്നങ്ങൾ ഉണ്ടായ സാഹചര്യത്തിൽ തുടർന്നുള്ള വർക്കുകൾ മന്ദഗതിയിലായി.സാമ്പത്തിക പ്രതിസന്ധിയും TDLCCS ലെ ജീവനക്കാരുടെ അഭാവവും മൂലം നവീകരണപ്രവർത്തനങ്ങൾ നടത്തുവാൻ ബുദ്ധിമുട്ട് നേരിടുന്നതിനായി TDLCCS അറിയിക്കുകയുണ്ടായി. |
| (ബി) | ഇവിടെയുള്ള അന്തേവാസികളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നവീകരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | TDLCCS മുഖേനയുള്ള അറ്റകുറ്റപ്പണികൾക്ക് കാലതാമസം നേരിടുമെന്നതിനാൽ അടിയന്തര സാഹചര്യം പരിഗണിച്ച് TDLCCS മായി കൂടി ആലോചിച്ച് മാനേജ്മെൻറ് കമ്മിറ്റി അംഗങ്ങളുടെ സഹകരണത്തോടെ പ്രാദേശികമായി പ്ലംബർ, ഇലക്ട്രീഷ്യൻ, കാർപെന്റർ എന്നിവരെ സംഘടിപ്പിച്ച് സ്ഥാപന സൂപ്രണ്ടിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ആദ്യഘട്ട നവീകരണ പ്രവർത്തനങ്ങൾ 90% പൂർത്തികരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2022-23 സാമ്പത്തിക വർഷത്തിൽ ഡിമെൻഷ്യാ കെയർ സെന്ററിന് ട്രസ്റ്റ് വർക്ക് ചെയ്യുന്നതിനായി സാമൂഹ്യനീതിവകപ്പിൽനിന്നും 10 ലക്ഷംരൂപ അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.<br><br>എടവനക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ STSB അക്കൗണ്ടിലേയ്ക്ക് നവീകരണ പ്രവർത്തനങ്ങൾക്കായി വകുപ്പ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയ 5,60,000/- രൂപ വിനിയോഗിച്ച് സ്ഥാപനത്തിന്റെ പെയിൻറിംഗ്, സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം, നെയിംബോർഡ് സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>MPLAC സുനാമി പുനരധിവാസ പ്രവർത്തിയിൽ ഉൾപ്പെടുത്തി 1,86,000/- രൂപ വിനിയോഗിച്ച് ചുറ്റുമതിൽ, ഗേറ്റ്, ഗാർഡൻ ബ്ലോക്ക് എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.സ്ഥാപനത്തിന്റെ റാമ്പ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കിയ എസ്റ്റിമേറ്റ് BFCC മുഖേന പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് 28.03.2024- ന് സ്ഥലം എം.എൽ.എ. സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (സി) | സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള നിലവിലെ അവസ്ഥ, തുടർന്നുള്ള പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 13.06.2024 ൽ TDLCCS പ്രതിനിധികൾ, എറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസർ, സ്ഥാപന സൂപ്രണ്ട് എന്നിവരുമായി യോഗം ചേർന്നിരുന്നു. സ്ഥാപനത്തിന്റെ തുടർന്നുള്ള നവീകരണപ്രവർത്ത നങ്ങൾ TDLCCS മുഖേന നിർവ്വഹിയ്ക്കുന്നതിന് നിലവിലെ അവസ്ഥയിൽ സാധ്യമാകില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>* TDLCCS ന് കൈമാറിയ തുകയുടെ 90% വർക്കുകൾ പൂർത്തികരിച്ചിട്ടുണ്ട്. ബാക്കി വർക്കുകൾ കൂടി പൂർത്തികരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തികരണ സർട്ടിഫിക്കറ്റ്, ചെലവ് വിവരം. എഞ്ചിനീയറുടെ സർട്ടിഫിക്കേഷൻ, റിപ്പോർട്ട് എന്നിവ TDLCCS ൽ നിന്നും ലഭ്യമാക്കുന്നതിന് തീരുമാനിച്ചു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ റിപ്പോർട്ട് തേടി തുടർ നടപടികൾക്കുള്ള നിർദേശം ലഭ്യമാക്കുന്നതിന് തീരുമാനിച്ചു. |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിന്റെ വർക്ക് സമയബന്ധിതമായി നടത്തുവാൻ കഴിയാതെ വന്നതിനാൽ താമസക്കാർക്ക് നേരിട്ട ബുദ്ധിമുട്ടുകളും, ടി സ്ഥാപനങ്ങളിൽ അടിയന്തരമായി നടത്തേണ്ട നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും സാധ്യമായ പരിഹാര മാർഗ്ഗങ്ങളും ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എറണാകുളം ജില്ലാ സാമൂഹ്യ നീതി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>എറണാകുളം ഡിമെൻഷ്യ കെയർ സെന്ററിൽ റാമ്പ്, ഗേറ്റ് എന്നിവയുടെ നിർമ്മാണത്തിനായി 5,60,000/- രൂപ എടവനക്കാട് പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ STSB അക്കൗണ്ടിലേയ്ക്ക് ട്രാൻസ്റ്റർ ക്രെഡിറ്റ് ചെയ്ത് നൽകിയിരുന്നു. ടി തുക വിനിയോഗിച്ച് സ്ഥാപനത്തിന്റെ പെയി ൻറിംഗ് സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം നെയിംബോർഡ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ